# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3609 19.02.2013 -ൽ മറുപടിക്ക്

## പി.എസ്.സി.യ്ക്ക് വേണ്ടി വാങ്ങിയ വാഹനങ്ങൾ

**ചോദ്യം**

ശ്രീ. കെ.വി.വിജയദാസ്

എ) പി.എസ്.സി യിൽ 2011-12, 2012-2013 വർഷങ്ങളിൽ എത്ര വാഹനങ്ങൾ, എന്തെല്ലാം ആവശ്യങ്ങൾക്കായി വാങ്ങിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; ഏതെല്ലാം വാഹനങ്ങളാണ് ഇപ്രകാരം വാങ്ങിയിട്ടുള്ളത്; ഓരോ വാഹനത്തിന്റെയും വിലവിവരമുൾപ്പെടെയുള്ള വിവരങ്ങൾ നൽകുമോ;

**ഉത്തരം**

ശ്രീ. ഉമ്മൻ ചാണ്ടി
(മുഖ്യ മന്ത്രി)

(എ) പി.എസ്.സി.യിൽ 2011-12, 2012-2013 വർഷങ്ങളിൽ ആകെ 19 വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്. പരീക്ഷാ സംബന്ധമായ ആവശ്യങ്ങൾക്കായി, ആസ്ഥാന ഓഫീസിലേയ്ക്കും, വിവിധ ജില്ലാ മേഖലാ ഓഫീസുകളിലേയ്ക്കുമായി 18 വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്. കൂടാതെ ബഹു.ചെയർമാന്റെ ഔദ്യോഗിക ആവശ്യത്തിനായി ഒരു ടൊയോട്ട ഇന്നോവ വാഹനവും വാങ്ങിയിട്ടുണ്ട്. വാഹനങ്ങൾ വാങ്ങിയതിന്റെ വർഷം തിരിച്ചുള്ള വില വിവരം ചുവടെ ചേർക്കുന്നു.

**2011-2012**

| വാഹനം | എണ്ണം | തുക (രൂപ) |
|---|---|---|
| മാരുതി ഈക്കോ | 2 | 6,31,878/- |
| മഹീന്ദ്ര ബൊലീറോ | 5 | 26,99,410/- |
| ടൊയോട്ട ഇന്നോവ | 1 | 12,20,488/- |

**2012-2013**

| വാഹനം | എണ്ണം | തുക(രൂപ) |
|---|---|---|
| മഹീന്ദ്ര ബൊലീറോ | 8 | 46,39,568/- |
| ഫോഴ്സ് ടെമ്പോ ട്രാവലർ ഗുഡ്സ് വാൻ | 1 | 7,03,331/- |
| അശോക് ലെയ് ലാൻഡ് ഗുഡ്സ് വാൻ | 1 | 9,15,360/- |
| മഹീന്ദ്ര ബൊലീറോ | 1 | 5,81,509/- |

| | | | |
|---|---|---|---|
| ബി) | പ്രസ്തുത ആവശ്യത്തിലേയ്ക്കായുള്ള തുക ഏത് ശീർഷകത്തിൽ നിന്നാണ് ചെലവാക്കിയിട്ടുള്ളത്; | **(ബി)** | 2051 PSC -102-State PSC-99 PSC -05-Office Expenses-04-other items (OE) ശീർഷകത്തിൽ നിന്നാണ് വാഹനങ്ങൾ വാങ്ങുന്നതിനായി തുക ചെലവാക്കിയിട്ടുള്ളത്. |
| സി) | ഇതിലേക്കായി തുക വകമാറ്റി ചെലവഴിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന് സർക്കാർ അനുമതി വാങ്ങിയിട്ടുണ്ടായിരുന്നോ; | **(സി)** | സർക്കാർ അനുമതി വാങ്ങിയിട്ടില്ല. എന്നാൽ കമ്മീഷന്റെ ഉത്തരവനുസരിച്ചാണ് വാഹനങ്ങൾ വാങ്ങുവാൻ തുക ചെലവഴിച്ചത്. |
| ഡി) | ഇല്ലെങ്കിൽ ഇതിനുത്തരവാദിയായവർക്കെതിരെ ഉചിതമായ നടപടി സ്വീകരിക്കുമോ? | **(ഡി)** | ബാധകമല്ല. |

സെക്ഷൻ ഓഫീസർ